**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6129** **09-11-2021 - ൽ മറുപടിയ്ക്ക്**

**കുഴൽ കിണർ കുഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം – 2019 അനുസരിച്ച് സംസ്ഥാനത്ത് കുഴൽക്കിണർ നിർമ്മാണത്തിന് അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ/ മുനിസിപ്പാലിറ്റി പെർമിറ്റ് അനുവദിക്കുന്നതിന് ഭൂജലവകുപ്പിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധ മാക്കിയിട്ടുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പൊതു ആവശ്യത്തിന് കുഴൽക്കിണർ നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/MP LAD/MLA SDF എന്നീ ഡെപ്പോസിറ്റ് ഫണ്ട് ഉപയോഗിച്ചും, പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തിയും ഭൂജലവകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | കൂത്തുപറമ്പ് മണ്ഡലത്തിൽ പൊതുവാവശ്യങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും കുഴൽ കിണർ കുഴിക്കുന്നതിന് അനുമതിയുള്ളതും ഇല്ലാത്തതുമായ തദ്ദേശ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2012 അനുസരിച്ച് കൂത്തുപറമ്പ് മണ്ഡലത്തിലെ ഒരു പ്രദേശവും വിജ്ഞാപനം ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ കൂത്തുപറമ്പ് മണ്ഡലത്തിൽ പൊതു ആവശ്യങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും കുഴൽക്കിണർ കുഴിക്കുന്നതിന് അനുമതിയുള്ളതും, ഇല്ലാത്തതുമായ തദ്ദേശ സ്ഥാപനങ്ങൾ എന്ന തരം തിരിവ് നടത്തിയിട്ടില്ല. |
| (സി) | ഭൂഗർഭ ജല വകുപ്പ് മുഖേന കുഴൽ കിണർ കുഴിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കിണറിന്റെ വ്യാപ്തിയും നിരക്കും പൈപ്പിന്റെ വിലയും എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ഭൂജലവകുപ്പ് മുഖേന കുഴൽക്കിണർ നിർമ്മിക്കുന്നതിന് വകുപ്പിന്റെ അതാത് ജില്ലാ ഓഫീസുകളിൽ ഭൂജല പര്യവേഷണത്തിനുള്ള അപേക്ഷ സമർപ്പിക്കുകയും അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ വകുപ്പിൽ നിന്ന് വിശദമായ ഭൂജല പര്യവേഷണം നടത്തി കുഴൽക്കിണറിന്റെ തരം, നിർമ്മിക്കേണ്ട സ്ഥലം, കിണറിന്റെ ആഴം എന്നിവ രേഖപ്പെടുത്തി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകി വരുന്നു. അപേക്ഷകൻ, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ച് കുഴൽക്കിണർ നിർമ്മാണ പെർമിറ്റ് വകുപ്പിൽ ലഭ്യമാക്കുന്ന മുറയ്ക്ക് വകുപ്പിന്റെ റിഗ്ഗ് എത്തിച്ചേരുന്ന പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അപേക്ഷകന് നൽകുന്നു. കാർഷികാവശ്യത്തിനുള്ള കുഴൽക്കിണർ നിർമ്മാണത്തിന്, ബന്ധപ്പെട്ട കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡ്രില്ലിംഗ് ചാർജ്ജിന്റെ 50% സബ്സിഡി നൽകി വരുന്നു. എസ്റ്റിമേറ്റ് തുക വകുപ്പിൽ ഒടുക്കുന്ന പക്ഷം മുൻഗണനാ ക്രമത്തിൽ വകുപ്പിന്റെ റിഗ്ഗുപയോഗിച്ച് കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നു.<br>കുഴൽക്കിണറിന്റെ നിരക്കും പൈപ്പിന്റെ വിലയും അനുബന്ധം 1- ൽ ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ഭൂഗർഭ ജല വകുപ്പ് സർക്കാർ നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് 6 ഇഞ്ച് വ്യാസത്തിലുള്ള കുഴൽ കിണർ കുഴിച്ച് കൊടുക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (ഡി) | ഭൂജലവകുപ്പ് സർക്കാർ നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് 6 ഇഞ്ച് വ്യാസത്തിലുള്ള കുഴൽക്കിണർ കുഴിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| പ്രവൃത്തി | | ഡ്രില്ലിംഗ് ചാർജ്ജ് | പൈപ്പിന്റെ വില (മീറ്ററിന്) |
|---|---|---|---|
| ട്യൂബ് വെൽ നിർമ്മാണം | a. 6" വ്യാസം | 2,315/- | 1,260/- |
| | b. 8" വ്യാസം | 2,980/- | 2,250/- |
| ബോർ വെൽ നിർമ്മാണം | a. 4 ½" വ്യാസം | 390/- | 580/- |
| | b. 6" വ്യാസം | 665/- | 1,000/- |
| ബോർ വെൽ കം ട്യൂബ് വെൽ നിർമ്മാണം | a. റോട്ടറി ഡ്രില്ലിംഗ് മെഷീൻ ഉപയോഗിച്ച് മേൽമണ്ണ് കുഴിക്കുന്നതിന് | 1,985/- | 1,000/- |
| | b. 4 ½" വ്യാസത്തിലുള്ള കുഴൽക്കിണർ | 390/- | 580/- |
| | c. 6" വ്യാസത്തിലുള്ള കുഴൽക്കിണർ | 665/- | 1,000/- |